**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **12-02-2025 - ൽ മറുപടിയ്ക്ക്**

**കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേയ്ക്ക് 2017-18 ൽ ടെൻഡർ ഉറപ്പിച്ച തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേയ്ക്ക് 2017-18 ൽ 154,93,87,879.30 (നൂറ്റി അൻപത്തിനാല് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപതു) രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചിരുന്നത്. |
| (ബി) | ടെൻഡർ പ്രകാരമുള്ള റോഡിൽ കുമ്പാറ ആനക്കല്ലുംപാറ മുതൽ താഴെ കക്കാട് വരെ മുൻപുണ്ടായിരുന്ന 6.7കിലോമീറ്റർ റോഡ് ഒഴിവാക്കി പുതിയ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (ബി) | അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | ഈ ഉത്തരവിന് വിപരീതമായി മുൻപുണ്ടായിരുന്ന റോഡ് ഉൾപ്പെടുത്തി പ്രവൃത്തി നടന്നതിനാൽ 6.7 km റോഡ് കുറയുകയും നേരത്തെ നാഥ് കൺസ്ട്രക്ഷൻ കമ്പനി മറ്റൊരു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രസ്തുത പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | 144 കോടി രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കരാർ ഏറ്റെടുത്ത പദ്ധതിയിൽനിന്നും പ്രസ്തുത തുക കുറയ്ക്കുന്നതിന് പകരം 198.35 കോടി രൂപയാക്കി തുക ഉയർത്തി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | മലയോര ഹൈവേ കോടഞ്ചേരി - കക്കാടം പൊയിൽ എന്ന പ്രവർത്തിക്ക് 30.06.2018 - ൽ 144 കോടി രൂപയ്ക്കു സാമ്പത്തികാനുമതി നൽകി. തുടർന്ന് റോഡ് പ്രവർത്തിക്കു 154,93,87,879.30 (നൂറ്റി അൻപത്തിനാല് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡുമായി 18.06.2020 തീയതിയിൽ കരാറിൽ ഏർപ്പെട്ടു. അതിനെത്തുടർന്ന് Tender Excess, യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ്കളിലെ വർദ്ധനവ്, 12% GST എന്നിവ ഉൾപ്പെടെ 178 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | പുതുക്കിയ സാമ്പത്തികാനുമതി 10.10.2021-ൽ നൽകി. കിഫ്ബി മാനദണ്ഡ പ്രകാരം അഭിവൃദ്ധിപ്പെടുത്താൻ സാധിക്കാത്ത പ്രസ്തുത പ്രവർത്തിയിലെ മേലേ ക്ലമ്പാറ മുതൽ താഴേകക്കാട് (Ch.24/523 മുതൽ 31/740) വരെയുള്ള 7.217 കിലോമീറ്റർ ഭാഗം പദ്ധതിയിൽ നിന്നും ഒഴിവാക്കിയും പ്രവർത്തിയുടെ പൂർത്തീകരണത്തിനു വേണ്ടി അധികമായി ചെയ്യേണ്ടി വന്ന ഇനങ്ങൾ ഉൾപ്പെടുത്തിയും റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 23.05.2023 തീയതി 198.35 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. ഇതിൽ സിവിൽ വർക്കിനുള്ള 145.36 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റുകളിൽ ഉണ്ടായ വർദ്ധനവ്, പുനരധിവാസ പാക്കേജിനുള്ള തുക, ജി എസ് ടി യിൽ ഉണ്ടായ വർദ്ധനവ്, ഹിൽ ഹൈവേ അലൈൻമെന്റിൽ നിന്നും ഒഴിവായ മേലെ-ക്ലമ്പാറ മുതൽ താഴേകക്കാട് വരെയുള്ള ഭാഗത്തിന് കണക്റ്റിംഗ് റോഡ് നിർമിക്കുന്നതിന് അനുവദിച്ച 26.25 കോടി രൂപ എന്നിവ ഉൾപ്പെടുന്നു. തുടർന്ന് സിവിൽ പ്രവർത്തികൾക്കുള്ള പുനഃ ക്രമീകരിച്ച എസ്റ്റിമേറ്റ് തുകയായി 141.39 കോടി രൂപയുടെ എസ്റ്റിമേറ്റ് കരാർ പ്രകാരമുള്ള പ്രവർത്തിയുടെ price-adjustment തുക കൂടി ഉൾപ്പെടുത്തി 221.19 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 30.11.2024-ൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ